**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.703** | **30/06/2015-ൽ മറുപടിക്ക്**

## സ്വസ്ഥം പദ്ധതി

**ചോദ്യം**

ശ്രീ.ജോസഫ് വാഴയ്ക്കൻ
ശ്രീ.സി.പി.മുഹമ്മദ്
ശ്രീ.പാലോട് രവി

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വസ്ഥം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ; | (എ) | ക്യാൻസർ നിർണ്ണയത്തിനായി കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ട് സാമൂഹ്യ സുരക്ഷ വകുപ്പ് ആരംഭിച്ച പദ്ധതിയാണ് സ്വാസ്ഥ്യം പദ്ധതി. 2015 ഫെബ്രുവരി 4-ന് ഈ പദ്ധതി നിലവിൽ വന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (ബി) | സംസ്ഥാനത്ത് 42 ലക്ഷത്തോളം വരുന്ന കുടുംബശ്രീ പ്രവർത്തകരിലൂടെ ക്യാൻസർ രോഗ ബോധവത്കരണവും ക്യാൻസർരോഗ നിർണ്ണയവും നടത്തുക എന്നതാണ് സ്വാസ്ഥ്യം പദ്ധതിയുടെ ഉദ്ദേശ്യം. കുടുംബശ്രീ പ്രവർത്തകർക്ക് ക്യാൻസർ രോഗത്തെക്കുറിച്ച് അവബോധം നൽകുകയും അവരിലൂടെ രോഗ സാധ്യതയുള്ള ജനങ്ങളെ കണ്ടെത്തി സ്ക്രീനിംഗ് ക്യാമ്പുകളിൽ എത്തിക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ഉദ്ദേശിച്ചിരിക്കുന്ന കർമ്മ പദ്ധതി. |
| (സി) | ജനങ്ങളെ സ്ക്രീനിംഗ് നടത്തി കാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വ്യക്തമാക്കാമോ ; | (സി) | തിരുവനന്തപുരം റീജയണൽ ക്യാൻസർ സെന്റർ വഴി സംസ്ഥാനത്തെ തിരഞ്ഞെടുത്ത സി.ഡി.എസ്. വോളന്റിയർമാർക്ക് ക്യാൻസർ രോഗ ബോധവത്കരണം നൽകുക, അവരിലൂടെ മറ്റ് കുടുംബശ്രീ പ്രവർത്തകർക്ക് ക്യാൻസർ രോഗ സംബന്ധമായ അവബോധം സൃഷ്ടിക്കുക. പരിശീലനം ലഭിച്ച പ്രവർത്തകർ ഭവന സന്ദർശനത്തിലൂടെ രോഗ സാധ്യതയുള്ള ജനങ്ങളെ ആരോഗ്യ വകുപ്പും ക്യാൻസർ സെന്ററും ചേർന്ന് നടത്തുന്ന ക്യാൻസർ നിർണ്ണയക്യാമ്പുകളിൽ എത്തിക്കുക തുടങ്ങിയ കാര്യങ്ങളാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. |
| (ഡി) | ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വ്യകതമാക്കുമോ ? | (ഡി) | കുടുംബശ്രീ, സാമൂഹ്യ സുരക്ഷാ വകുപ്പ്, ആരോഗ്യവകുപ്പ്, റീജണൽ ക്യാൻസർ സെന്റർ എന്നിവരാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ